# പാറശ്ശാല

ഭദ്രാസന ബുള്ളറ്റിൻ

വാല്യം 7 ലക്കം 2 മാർച്ച് – മെയ് 2024



ധന്യൻ മാർ ഈവാനിയോസ്



പാറശ്ശാല ഭദ്രാസനത്തിനുവേണ്ടി മ്ശംശോനോ പട്ടം സ്വീകരിച്ചവർ
അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായോടൊപ്പം.



പാറശ്ശാല ഭദ്രാസനത്തിനുവേണ്ടി ഹെവുപ്പദുയാക്കിനോ പട്ടം സ്വീകരിച്ചവർ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായോടൊപ്പം.



പാറശ്ശാല ഭദ്രാസനത്തിനുവേണ്ടി മ്സമറോനോ, കോറൂയോ പട്ടങ്ങൾ സ്വീകരിച്ച ബ്രദർ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായോടൊപ്പം.



പാറശ്ശാല ഭദ്രാസനത്തിനുവേണ്ടി വൈദിക വസ്ത്രം സ്വീകരിച്ച ബ്രദർ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായോടൊപ്പം.




മേരിമക്കൾ സമൂഹത്തിലെ നിർമല പ്രൊവിൻസിലെ ആദ്യ നിത്യവ്രതം സ്വീകരിച്ച സിസ്റ്റേഴ്സ്
അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവിനോടൊപ്പം

# പാറശ്ശാല

ഭദ്രാസന ബുള്ളറ്റിൻ

വാല്യം 7 | മാർച്ച്-മെയ് 2024 | ലക്കം 2

TO BE EVERYTHING TO EVERYONE IN CHRIST

*Patron*
His Excellency
Thomas Mar Eusebius

*Chief Editor*
Fr. Abin Mullackal

*Managing Editor*
Msgr. Selin Jose Konathuvila

*Printed & Published By*
Very Rev. Fr. Bijoy Ooralivila

*(Private Circulation Only)*

## ഉള്ളടക്കം

| | |
|---|---|
| ഇടയശബ്ദം | 2 |
| സർക്കുലർ | 4 |
| സഭാ വാർത്തകൾ | 10 |
| ഭദ്രാസന വാർത്തകൾ | 13 |
| എം.സി.വൈ.എം. | 17 |
| കെ.സി.എസ്.എൽ. | 23 |
| എം.സി.എം.എഫ്. | 25 |
| സെമിനാരി വാർത്തകൾ | 27 |
| ക്ഷേമ | 28 |

# ഇടയശബ്ദം



സ്നേഹമുള്ള സഹോദരി സഹോദരന്മാരെ,

ക്രിസ്തുനാഥന്റെ ഉത്ഥാനപെരുന്നാളിന്റെ അനുഗ്രഹീത ദിനങ്ങളാണല്ലോ നാം പിന്നിടുന്നത്. സാമാന്യം ദീർഘമായ നോമ്പു ദിനങ്ങളുടെ അവസാനം ക്രിസ്തുവിന്റെ ഉത്ഥാന പെരുന്നാൾ നാം ആഘോഷിച്ചു. നോമ്പ് ദിനങ്ങളും അത് നമ്മിൽ നിന്ന് ആവശ്യപ്പെട്ട ത്യാഗങ്ങളും ക്രിസ്തുവിന്റെ സഹനത്തിലും മരണത്തിലും പങ്കുചേരുവാനുള്ള നമ്മുടെ ശ്രമമായിരുന്നു. എന്നാൽ ക്രിസ്തുവിന്റെ ഉത്ഥാനവും തുടർന്നുള്ള ദിനങ്ങളും ക്രിസ്തു അനുഭവിച്ച ഉത്ഥിതജീവിതത്തിൽ ആഴമായി ഉൾചേരുവാൻ സഭ നമ്മെ ആഹ്വാനം ചെയ്യുന്ന ദിനങ്ങളാണ്. പലപ്പോഴും ഉത്ഥാനപെരുന്നാളും ഉത്ഥാനദിനങ്ങളും നോമ്പുകാലത്ത് നാം ത്യജിച്ച യാഥാർത്ഥ്യങ്ങളെ കൂടുതൽ ആർത്തിയോടെ പുൽകുവാനുള്ള അവസരമായി പരിഗണിക്കപ്പെടാറുണ്ട്. ഇത് നിർഭാഗ്യകരമാണ്. നേരെ മറിച്ച്, നോമ്പിലൂടെ ക്രിസ്തുവിനോടൊത്ത് മരിച്ച നാം ഉത്ഥാനത്തിലൂടെ ക്രിസ്തുവിനോടൊത്ത് ജീവിക്കുവാൻ വിളിക്കപ്പെടുന്നു. നോമ്പിലൂടെ ക്രിസ്തുവിന്റെ സഹനത്തിലും മരണത്തിലും പങ്കുചേർന്ന നാം ഉത്ഥാനദിനങ്ങളിൽ ഈ ക്രിസ്തുജീവൻ കൂടുതൽ ആഴത്തിൽ അനുഭവിക്കുവാൻ ശ്രമിക്കേണ്ടിയിരിക്കുന്നു. നോമ്പുകാലത്ത് ഒരു ആത്മീയ നിറവിൽ നാം അകലം പാലിച്ച യാഥാർത്ഥ്യങ്ങളോട് ഉത്ഥാനകാലത്ത് കൂടുതൽ അടുക്കുവാനുള്ള ശ്രമമല്ല നടക്കേണ്ടത്. പിന്നെയോ, പാലിച്ച ആ അകലങ്ങളെ, ഉത്ഥിതന്റെ ജീവിതത്തിൽ ഉൾച്ചേരുന്ന അനുഭവം സമ്മാനിക്കുന്ന ആനന്ദത്തിന്റെ കാരണമായി മാറ്റുകയാണ് ചെയ്യേണ്ടത്. അവയെ കൂടുതൽ ആഴമുള്ള ആത്മീയതയുടെ അടയാളങ്ങളായി പരിവർത്തനം ചെയ്യുകയാണ് വേണ്ടത്. നോമ്പിൽ നാമനുഭവിച്ച ആത്മീയതയുടെ തുടർച്ചയാണ്, അതിന്റെ കൂടുതൽ തീവ്രമായ, ആനന്ദദായകമായ അനുഭവമാണ് ഉത്ഥാനകാലം നമുക്ക് സമ്മാനിക്കേണ്ടത്. ക്രിസ്തുവിനോടൊപ്പം മരിച്ച നമ്മൾ ക്രിസ്തുവിനോടൊപ്പം ഉയിർക്കുന്നത് അവനോടൊപ്പം ജീവിച്ചു കൊണ്ടാണ്, അവനിൽ കൂടുതൽ നിറവുള്ള,

തികവുള്ള ജീവിതം അനുഭവിച്ചുകൊണ്ടും പങ്കുവച്ചു കൊണ്ടുമാണ്. അനുഗ്രഹീതമായ ഉത്ഥാനകാലം ഞാൻ ഏവർക്കും സ്നേഹപൂർവ്വം ആശംസിക്കുന്നു.



✠ തോമസ് മാർ യൗസേബിയോസ്

## THE SYRO- MALANKARA CATHOLIC CHURCH

MORAN MOR BASELIOS CARDINAL CLEEMIS
Major Archbishop-Catholicos

Major Archiepiscopal Curia
Catholicate Centre
Pattom, Trivandrum-695004

Prot No CCL 2/2024

20.05.2024

## സർക്കുലർ

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാച്ചന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

**1. പുനരൈക്യ ശതാബ്ദി 2030 സെപ്തംബർ 20**

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ഏറ്റവും വലിയ സഭൈക്യ പ്രസ്ഥാനമായ മലങ്കര കത്തോലിക്കാ സഭാ പുനരൈക്യത്തിന്റെ ശതാബ്ദി 2030 സെപ്തംബർ 20-ന് സഭയായി ആഘോഷിക്കുന്നതിന് നാം ഒരുങ്ങുന്ന കാലഘട്ടമാണിത്. "പിതാവേ നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കുന്നതിന് അങ്ങ് എനിക്കു തന്ന മഹത്വം അവർക്കു ഞാൻ നൽകിയിരിക്കുന്നു" (യോഹ. 17:22) എന്ന യേശു കർത്താവിന്റെ മരണത്തിനുമുമ്പുള്ള മഹാപുരോഹിത പ്രാർത്ഥനയിലൂടെ യേശു ലക്ഷ്യം വച്ചത് തന്റെ ശരീരമാകുന്ന സഭയുടെ ഐക്യമാണ്. സഭ യേശുക്രിസ്തുവിന്റെ ശരീരമാണ് (എഫേ 1:23). യേശു ശിരസും എല്ലാ വിശ്വാസികളും അവന്റെ ശരീരത്തിന്റെ ഭാഗവുമാണ് (1 കോറി 6:15) എന്ന പ്രതീകത്തിലൂടെ ശിരസിനെയും ശരീരത്തെയും വേർപെടുത്താനാവില്ലാ എന്ന സത്യം നാം തിരിച്ചറിയുന്നു. അതിനാൽ ശിരസും ശരീരവും ഒന്നായിരിക്കുന്നതുപോലെ വിശ്വാസ സമൂഹം മുഴുവൻ യേശുവിനോട് ഐക്യപ്പെട്ട് യോജിച്ചിരിക്കേണ്ടതാണ്.

ചരിത്രപരവും ദൈവശാസ്ത്രപരവുമായ പല കാരണങ്ങളാൽ ഈ ഐക്യത്തിന് ക്ഷതം സംഭവിച്ചു. യേശുവിന്റെ ശരീരമായ സഭാഗാത്രത്തിൽനിന്നും പല കാലഘട്ടങ്ങളിലായി പല ഭാഗങ്ങളും മുറിച്ചു മാറ്റപ്പെട്ടു. 1653-ൽ നടന്ന കൂനൻകുരിശ് സത്യത്തിനുശേഷം പുത്തൻകൂർ, പഴയകൂർ

എന്ന പേരിൽ വിഭജിതമായ മാർത്തോമ്മാ ശ്ലീഹായുടെ സഭയിലെ മുറിവുണക്കുന്നതിനും സഭകൾ തമ്മിലുള്ള ഐക്യം പുനഃസ്ഥാപിക്കുന്നതിനും 21-ാം നൂറ്റാണ്ടിൽ ദൈവം തെരഞ്ഞെടുത്ത മലങ്കരയുടെ പ്രവാചകനാണ് ധന്യൻ മാർ ഈവാനിയോസ് മെത്രാപ്പോലിത്താ. അദ്ദേഹം ആരംഭിച്ച ബഥനി സന്യാസ പ്രസ്ഥാനങ്ങളിലൂടെയും സ്ഫുടം ചെയ്ത ആദ്ധ്യാത്മികതയിലൂടെയും എല്ലാം ഉപേക്ഷിക്കാനും മലങ്കര സഭയിലെ ഐക്യം വീണ്ടെടുക്കുവാനും 1930 സെപ്തംബർ 20-ന് അദ്ദേഹത്തിന് സാധിച്ചു. മലങ്കരസഭാ പുനരൈക്യത്തിന്റെ ശതാബ്ദി ആഘോഷിക്കുവാൻ മലങ്കര സുറിയാനി കത്തോലിക്കാ സഭാമക്കളായ നാം ഈ 7 വർഷക്കാലം പ്രത്യേകം ഒരുങ്ങുകയാണ്.

**2. പുനരൈക്യ ശതാബ്ദി കർമപദ്ധതി (2024 സെപ്തംബർ 20 - 2030 സെപ്തംബർ 20)**

മലങ്കര സുറിയാനി കത്തോലിക്കാ സഭ പുനരൈക്യ ശതാബ്ദി ആഘോഷത്തിന്റെ അടുത്ത ഒരുക്കത്തിലേക്കു കടക്കുകയാണല്ലോ. സഭയുടെ അടിസ്ഥാനദൗത്യത്തോട് ചേർന്നുപോകുന്ന ആഘോഷ പരിപാടികളാണ് നാം ആസൂത്രണം ചെയ്യുന്നത്. ശതാബ്ദി ആഘോഷങ്ങൾ പുനരൈക്യ സഭയെ കൂടുതൽ ബലപ്പെടുത്തുന്നവയും, സഭയുടെ ഐക്യത്തെ ഉത്തരോത്തരം പോഷിപ്പിക്കുന്നവയും, സഭാമക്കൾ ഓരോരുത്തരുടെയും ജീവിതപരിവർത്തനവും ദൗത്യനിർവഹണവും സുഗമമാക്കുന്നവയും, സഭയുടെ സർവതോന്മുഖമായ ക്ഷേമം ഉറപ്പാക്കുന്നവയുമായിരിക്കണം എന്ന ആഗ്രഹത്തോടെയാണ് കർമപദ്ധതികൾ വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത്. സ്വയം നവീകരിക്കപ്പെട്ടവളായി, പൊതുസമൂഹത്തിൽ സാക്ഷ്യം നൽകുന്ന സഭയായി രൂപാന്തരപ്പെടുക എന്നതാണ് പ്രധാന ലക്ഷ്യം. കൂടുതൽ ഉണർവോടെ സുവിശേഷം പ്രഘോഷിക്കാനും ആഘോഷിക്കാനും ജീവിക്കാനും, നമ്മുടെ കുടുംബങ്ങളെ നവീകരിക്കാനും, ദൈവവിളിക്ക് പ്രാധാന്യം നൽകിക്കൊണ്ട് സഭയുടെ പ്രേഷിത ശുശ്രൂഷയെ ബലപ്പെടുത്താനും, കുട്ടികളേയും യുവജനങ്ങളെയും സഭാത്മകമായി വളർത്തുന്നതിനും കുടുതൽ ആർജവത്തോടെ സഹോദരീസഭകളുമായും പൊതുസമൂഹവുമായും സംവദിക്കാനും സഭയായി സന്നദ്ധരാകുക എന്ന ലക്ഷ്യത്തോടെയാണ് നാം പുനരൈക്യ ശതാബ്ദി ആഘോഷങ്ങൾക്കു രൂപം നൽകിയിരിക്കുന്നത്.

"നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവി

ശേഷം പ്രഘോഷിക്കുവിൻ'' (മർക്കോ 16:15) എന്ന യേശുവിന്റെ പ്രേഷിത ആഹ്വാനത്തെ (missionary mandate) അടിസ്ഥാനപ്പെടുത്തിയാണ് സഭയുടെ എല്ലാ ശുശ്രൂഷകളെയും സഭ മനസിലാക്കുകയും ക്രമീകരിക്കുകയും ചെയ്യുക. അടിസ്ഥാനപരമായി സുവിശേഷ പ്രഘോഷണം എന്ന ദൗത്യമാണ് സഭയ്ക്കുള്ളത്. സുവിശേഷം പ്രഘോഷിക്കുക എന്ന ദൗത്യത്തിന് സുവിശേഷം പഠിപ്പിക്കുക (teach), സുവിശേഷം ആഘോഷിക്കുക (celebrate), സുവിശേഷം ജീവിക്കുക (live) എന്നീ ത്രിവിധ ദൗത്യങ്ങളാണുള്ളത്. സുവിശേഷം പഠിപ്പിക്കുക എന്നതിൽ നിന്നും വി. ലിഖിത പഠനവും, സുവിശേഷം ആഘോഷിക്കുക എന്നതിൽ നിന്നും ആരാധനാക്രമം അഥവാ കൂദാശാപഠനവും, സുവിശേഷം ജീവിക്കുക എന്നതിൽ നിന്നും സാക്ഷ്യത്തിലൂടെ (ഉപവിയിലൂടെ) ഉളവാകുന്ന ശുശ്രൂഷകളെയും സഭ അർഥമാക്കുന്നു. ഈ ത്രിവിധ ദൗത്യങ്ങൾ യേശുവിന്റെ മിശിഹായ്ക്കടുത്ത പ്രവാചക, പുരോഹിത, രാജകീയ ദൗത്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ ചിന്തയിൽ അധിഷ്ഠിതമായി അടുത്തുവരുന്ന വർഷങ്ങൾ പുനരൈക്യ ശതാബ്ദിക്കുള്ള ഒരുക്കമായി സഭ നിശ്ചയിച്ചിരിക്കുന്നു.

1. **വചന വർഷം (Year of the Word of God)** 2024 സെപ്തംബർ 20 മുതൽ 2025 സെപ്തംബർ 19 വരെ - വി. ലിഖിതത്തിന്റെ വായനയ്ക്കും (*Lectio Divina*) വി. ലിഖിതത്തിന്റെ പഠനത്തിനും പ്രാധാന്യം നൽകുന്നു.

2. **കൂദാശാ വർഷം (Year of Sacraments)** 2025 സെപ്തംബർ 20 മുതൽ 2026 സെപ്തംബർ 19 വരെ – കൂദാശകൾക്കും ആരാധനാക്രമത്തിനും വിശ്വാസ പഠനത്തിനും പ്രാധാന്യം നൽകുന്നു.

3. **ഉപവി വർഷം (Year of Charity)** 2026 സെപ്തംബർ 20 മുതൽ 2027 സെപ്തംബർ 19 വരെ – യേശുവിന്റെ കാരുണ്യ സ്പർശനം എല്ലാവർക്കും ലഭിക്കുവാൻ ഇടയാവണം എന്നതിന് ഊന്നൽ നൽകുന്നു.

4. **കുടുംബ വർഷം (Year of Family)** 2027 സെപ്തംബർ 20 മുതൽ 2028 സെപ്തംബർ 19 വരെ – കുടുംബബന്ധങ്ങൾക്കും കുടുംബത്തിലെ ആധ്യാത്മികതയ്ക്കും കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികൾക്കും പ്രാധാന്യം നൽകുന്നു.

5. **പ്രേഷിത – ദൈവവിളി വർഷം (Year of Mission)** 2028 സെപ്തംബർ 20 മുതൽ 2029 സെപ്തംബർ 19 വരെ – പൗരോഹിത്യ സന്യസ്ത

ദൈവവിളികൾക്കും പ്രേഷിത ശുശ്രൂഷയ്ക്കും പ്രാധാന്യം നൽകുന്നു.

6. **ബാല-യുവജന സമർപ്പണ വർഷം (Commitment Year of Children and Youth)** 2028 സെപ്തംബർ 20 മുതൽ 2029 സെപ്തംബർ 19 വരെ- ബാല-യുവജന സമർപ്പണ വർഷം എന്നതുകൊണ്ട് സഭയിൽ കുട്ടികൾ സഭാത്മകമായ ആഭിമുഖ്യമുള്ളവരായി വളരുന്നതിനും യുവജനങ്ങൾ സഭയിൽ നിലവിലുള്ളതും തുടരേണ്ടതുമായ ശുശ്രൂഷകൾക്ക് നേതൃത്വവും കൈത്താങ്ങും നൽകുന്നതിനും സമർപ്പണം വാഗ്ദാനം ചെയ്യുന്ന പദ്ധതികളാണ് ക്രമീകരിക്കുക.

7. **ശതാബ്ദി വർഷം (Year of Centenary) – കൃതജ്ഞതാ വർഷം** 2029 സെപ്തംബർ 20 മുതൽ 2030 സെപ്തംബർ 20 വരെ- പുനരൈക്യത്തെ കുറിച്ചും പുനരൈക്യത്തിന് നേതൃത്വം കൊടുത്ത വ്യക്തികളെ കുറിച്ചും കൂടുതൽ പഠിക്കുന്നതിനും ബോധ്യം നൽകുന്നതിനും കൃതജ്ഞതാ വർഷമായി ആചരിക്കുന്നതിനുമുള്ള വർഷമാണിത്.

2024 സെപ്തംബർ 20 മുതൽ 2025 സെപ്തംബർ 19 വരെയുള്ള **വചന വർഷത്തിന്റെ** പ്രത്യേക ചുമതല ബൈബിളിനുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷനായിരിക്കും. അഭിവന്ദ്യ ഏബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലിത്തായെ ചെയർമാനായും അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് മെത്രാപ്പോലിത്താ, അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലിത്താ എന്നിവരെ വൈസ് ചെയർമാന്മാരായും നിയമിച്ചിരിക്കുന്നു. ഏഴ് വർഷം നീണ്ടുനിൽക്കുന്ന പുനരൈക്യ ശതാബ്ദി കർമ്മപദ്ധതിയുടെ കോർഡിനേറ്ററായി കൂരിയാ ബിഷപ് അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് എപ്പിസ്കോപ്പായെ നിയോഗിച്ചിരിക്കുന്നു. പുനരൈക്യ ശതാബ്ദിയുമായി ബന്ധപ്പെട്ട കർമപരിപാടികൾ ഏറ്റെടുത്ത് നടത്തുന്നതിന് ഒരു വൈദികന്റെ സേവനം സഭാകേന്ദ്രമായ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയായിൽ ലഭ്യമാകുന്നതാണ്. 2024 സെപ്തംബർ 21-ന് പാറശാല ഭദ്രാസനത്തിൽ നടത്തപ്പെടുന്ന 94-ാം പുനരൈക്യ വാർഷികത്തിൽ വചനവർഷം ഉത്ഘാടനം ചെയ്യപ്പെടുന്നതാണ്.

**3. പുനരൈക്യ ആഘോഷ വേദികൾ**

**അടുത്തുവരുന്ന പുനരൈക്യ ആഘോഷ വേദികൾ താഴെപറയുന്ന ഭദ്രാസനങ്ങളിലായിരിക്കും.**

2024 – പാറശാല ഭദ്രാസനം

2025 – പത്തനംതിട്ട ഭദ്രാസനം

2026 – സെന്റ് എഫ്രേം ഖട്കി-പൂനെ ഭദ്രാസനം

2027 – ബത്തേരി ഭദ്രാസനം

2028 – മാവേലിക്കര ഭദ്രാസനം

2029 – തിരുവല്ല അതിഭദ്രാസനം – ശതാബ്ദി ഉദ്ഘാടനം

2030 – തിരുവനന്തപുരം മേജർ അതിഭദ്രാസനം – ശതാബ്ദി സമാപനം.

**4. മലങ്കര സുറിയാനി കത്തോലിക്കാ പാസ്റ്ററൽ കൗൺസിൽ**

മലങ്കര സുറിയാനി കത്തോലിക്കാ സഭാ പാസ്റ്ററൽ കൗൺസിൽ രൂപീകരിക്കുന്നതിന് സഭയുടെ 28-ാമത് പരി. എപ്പിസ്കോപ്പൽ സുന്നഹദോസ് തീരുമാനിച്ചു. ഈ കൗൺസിൽ നമ്മുടെ സഭയിൽ ആദ്യമായിട്ടാണ് രൂപീകരിക്കുന്നത്. ഭദ്രാസന പാസ്റ്ററൽ കൗൺസിലിന്റെ രൂപത്തിൽ നമ്മുടെ സഭയുടെ മുഴുവൻ പ്രാതിനിധ്യ സ്വഭാവത്തോടുകൂടി രൂപീകരിക്കുന്ന ഈ കൗൺസിലിൽ മെത്രാന്മാരും വൈദികരും സന്യസ്തരും അല്മായരും ഉൾപ്പെടുന്നു. ഇതിന്റെ ആദ്യ മീറ്റിംഗ് സെപ്തംബർ 20-ന് തിരുവനന്തപുരത്ത് നടത്തപ്പെടുന്നതാണ്. തുടർനടപടികൾ വരും ദിവസങ്ങളിൽ അറിയിക്കുന്നതാണ്.

**5. 94-ാം പുനരൈക്യ വാർഷികം പാറശാലയിൽ**

2024 സെപ്തംബർ 20-21 തീയതികളിൽ 94-ാം പുനരൈക്യ വാർഷികം പാറശാല ഭദ്രാസനത്തിൽ വെങ്ങാനൂർ വി.പി.എസ് മലങ്കര കാത്തലിക് ഹയർ സെക്കൻഡറി സ്കൂൾ അങ്കണത്തിൽ നടത്തപ്പെടുന്നതാണ്. സെപ്തംബർ 20-ന് വൈകിട്ട് സുവിശേഷ സന്ധ്യയും 21-ന് രാവിലെ 8.00 മുതൽ 10.30 വരെ എം.സി.സി.എൽ., എം.സി.വൈ.എം., എം.സി.എ. എന്നീ സംഘടനകളുടെ സമ്മേളനവും 10.30 മുതൽ വി. കുർബാനയും പൊതുസമ്മേളനവും നടത്തപ്പെടുന്നതാണ്. ഉച്ചയ്ക്ക് 1.30ന് സ്നേഹവിരുന്നോടുകൂടി വാർഷികാഘോഷങ്ങൾ സമാപിക്കുന്നതാണ്.

**6. മലങ്കര സുറിയാനി കത്തോലിക്കാ യുവജന മതബോധന ഗ്രന്ഥം**

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ യുവജനങ്ങൾക്ക് ഡിഗ്രി ക്ലാസുകളിൽ പഠിക്കുന്നതിനുള്ള മതബോധന ഗ്രന്ഥം 2025 മെയ് മാസത്തിൽ വിശ്വാസ പരിശീലന കമ്മീഷന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിച്ച് ജൂണിൽ ക്ലാസുകൾ ആരംഭിക്കുന്നതാണ്.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ട്രൈബ്യൂണൽ സെക്രട്ടറിയായി റവ. ഡോ. ജോർജ് തോമസ് കൊച്ചുവിളയിലിനെ നിയമിച്ചു. നമ്മുടെ സഭയിലെ മൈനർ സെമിനാരി പരിശീലനത്തിന്റെ നാലാം വർഷം 2024 ജൂൺ മുതൽ പാറശാല ഭദ്രാസനത്തിലെ കാട്ടാക്കട ബേത്‌ലഹേം ഹോമിൽവെച്ച് നടത്തപ്പെടുന്നതായിരിക്കും. റവ. ഫാ. റോയി വയലിറക്കത്ത് ഡയറക്ടറായി നിയമിതനായി.

പുനരൈക്യ ശതാബ്ദി ഒരുക്കങ്ങൾ ആത്മീയ സാക്ഷ്യത്തിനു ഉപകരിക്കുവാൻ സഭാംഗങ്ങൾ ഏവരും തീക്ഷ്ണമായി പ്രാർത്ഥിക്കുകയും എല്ലാറ്റിലും പൂർണമായി സഹകരിക്കുകയും വേണമെന്നത് ഓർക്കുമല്ലോ. സുവിശേഷ സംഘാംഗങ്ങൾ ഏവരും ആഴ്ചയിൽ രണ്ടു പ്രാവശ്യം ഈ നിയോഗത്തിൽ ഉപവസിച്ച് പ്രാർത്ഥിക്കേണ്ടതാണ്. ദൈവത്തിന്റെ കരുണയും അനുഗ്രഹങ്ങളും നിങ്ങളുടെമേൽ എന്നും ധാരാളമായി ഉണ്ടായിരിക്കട്ടെ!

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

+Baselios Cleemis

**✠ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.


# മലങ്കര സുറിയാനി കത്തോലിക്കാ സഭ

## അന്ത്യോകൃൻ പാത്രിയർക്കീസ് ബാവായ്ക്ക് സ്വീകരണം



ആകമാന ഓർത്തഡോക്സ് സുറിയാനി സഭയുടെ തലവനും അന്ത്യോക്യാ പാത്രിയർക്കീസുമായ പരിശുദ്ധ മോറാൻ മോർ ഇഗ്നാത്തിയോസ് അപ്രേം രണ്ടാമൻ ബാവായ്ക്ക് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഉജ്ജ്വല വരവേൽപ്പ് പട്ടം സെന്റ് മേരീസ് മേജർ ആർക്കി എപ്പിസ്കോപ്പൽ കത്തീഡ്രലിൽ നൽകി. പരി. പാത്രിയർക്കീസ് ബാവായെ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവായുടെ നേതൃത്വത്തിൽ കത്തീഡ്രൽ കവാടത്തിൽ സ്വീകരിച്ചു. കത്തീഡ്രൽ ദൈവാലയത്തിൽ പരി. പാത്രിയർക്കീസ് ബാവ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. തുടർന്ന് ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത സ്വാഗതം ആശംസിച്ചു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആശംസകളും പ്രാർത്ഥനയും സഭാദ്ധ്യക്ഷൻ കർദ്ദിനാൾ മാർ ക്ലീമിസ് ബാവാ അർപ്പിച്ചു.

## പുണ്യശ്ലോകനായ മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാബാവാ തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ



മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രഥമ മേജർ ആർച്ചു ബിഷപ്പ് -കാതോലിക്കാബാവായും തിരുവനന്ത പുരം മേജർ അതിഭദ്രാസനത്തിന്റെ തൃതീയ അദ്ധ്യക്ഷനുമായ ഭാഗ്യസ്മരണാർഹനായ മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവാ തിരുമേനിയുടെ 17-ാം ഓർമ്മപ്പെരുന്നാൾ 2024 ജനുവരി 17, 18 തീയതികളിൽ പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ നടത്തപ്പെട്ടു.

## ഡോ. മാത്യൂസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ അഭിഷിക്തനായി



മലങ്കര കത്തോലിക്ക സഭയുടെ പൂന-കട്കി സെന്റ് എഫ്രേം ഭദ്രാസന മെത്രാനായി ഡോ. മാത്യൂസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ അഭിഷിക്തനായി. പൂന കാലാപുർ മൗണ്ട് ഇവാനിയോസ് പള്ളിയിൽ നടന്ന പ്രാർത്ഥനാ നിർഭരമായ ചടങ്ങിൽ മലങ്കര കത്തോലിക്ക സഭ മേജർ ആർച്ച് ബിഷപ് കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്ക ബാവാ മുഖ്യകാർമികത്വം വഹിച്ചു. മുംബൈ ആർച്ചുബിഷപ്പ് അത്യുന്നത കർദ്ദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ് വചന

സന്ദേശം നൽകി. ഇന്ത്യയിലെ അപ്പസ്തോലിക് ന്യൂൺഷ്യോ അഭിവന്ദ്യ ആർച്ചുബിഷപ്പ് ലെയോപോൾദോ ജിറേല്ലി തിരുമേനി അനുമോദന പ്രസംഗം നടത്തി. ആർച്ച്ബിഷപ് തോമസ് മാർ കൂറിലോസ്, ബിഷപ്പുമാരായ തോമസ് മാർ അന്തോണിയോസ്, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ഏബ്രഹാം മാർ യൂലിയോസ്, ജോസഫ് മാർ തോമസ്, ഫിലിപ്പോസ് മാർ സ്തേഫാനോസ്, സാമുവൽ മാർ ഐറേനിയോസ്, വിൻസെന്റ് മാർ പൗലോസ്, ഗീവർഗീസ് മാർ മക്കാറിയോസ്, യൂഹാനോൻ മാർ തിയോഡഷ്യസ്, ആന്റണി മാർ സിൽവനോസ്, മാത്യൂസ് മാർ പോളികാർപ്പസ് എന്നിവർ സഹകാർമികരായിരുന്നു.

## ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് 'ധന്യൻ' പദവിയിലേക്ക് ഉയർത്തപ്പെട്ടു

മലങ്കര പുനരൈക്യ പ്രസ്ഥാന ശില്പി ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ ഫ്രാൻസിസ് മാർപാപ്പ ധന്യൻ പദവിയിലേയ്ക്ക് 2024 മാർച്ച് 14 ന് ഉയർത്തി. വിശുദ്ധരുടെ നാമകരണ നടപടികൾക്കായുള്ള കാര്യാലയത്തിന്റെ പ്രിഫെക്ട് കർദ്ദിനാൾ മർച്ചേലോ സെമേറാനോ ഇത് സംബന്ധിച്ച പരിശോധനാ റിപ്പോർട്ട് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയ്ക്ക് നൽകിയിരുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ നേതൃത്വത്തിലുള്ള കൃതജ്ഞതാബലിയും അനുസ്മരണ ശുശ്രൂഷകളും 2024 മാർച്ച് 15 വെള്ളിയാഴ്ച്ച വൈകിട്ട് നാലിന് പുണ്യപിതാവിന്റെ കബറിടം സ്ഥിതിചെയ്യുന്ന പട്ടം, സെന്റ് മേരീസ് മേജർ ആർക്കി എപ്പാർക്കിയൽ കത്തീഡ്രൽ ദൈവാലയത്തിൽ നടത്തപ്പെട്ടു. സഭയുടെ തലവനും പിതാവുമായ കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവായും അഭിവന്ദ്യരായ തോമസ് മാർ കൂറിലോസ്, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, യൂഹാനോൻ മാർ തെയഡോഷ്യസ്, തോമസ് മാർ യൗസേബിയോസ്, ആന്റണി മാർ സിൽവാനോസ്, മാത്യൂസ് മാർ പോളികാർപ്പസ് എന്നീ തിരുമേനിമാരും അവരോടൊപ്പം അനേകം ബഹുമാനപ്പെട്ട വൈദികരും ചേർന്ന് വി. കുർബാനയർപ്പിച്ചു. സന്യസ്തരും ധാരാളം അൽമായ വിശ്വാസികളും ഈ കൃതജ്ഞതാബലിയിൽ സംബന്ധിച്ചു.

# ഭദ്രാസന വാർത്തകൾ

## വൈദിക വസ്ത്രം സ്വീകരിച്ചു

പാറശ്ശാല ഭദ്രാസനത്തിനു വേണ്ടി റീജൻസി പൂർത്തിയാക്കി ബഹുമാനപ്പെട്ട ബ്രദർ വിജിത്ത്, 2024 മെയ് മാസം മൂന്നാം തീയതി സ്നേഹ ദീപം മൈനർ സെമിനാരിയിൽ വച്ച് ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവിന്റെ കൈകളാൽ വൈദിക വസ്ത്രം സ്വീകരിച്ചു.

## മ്സമറോനോ, കോറൂയോ, ഹെവുപ്പദുയാക്കിനോ പട്ടങ്ങൾ

പാറശ്ശാല ഭദ്രാസനത്തിനു വേണ്ടി 2024 മെയ് മാസം മൂന്നാം തീയതി സ്നേഹദീപം മൈനർ സെമിനാരിയിൽ വച്ച് അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവിന്റെ തൃക്കയ്യാൽ ബ്രദർ അലക്സ് കുഴി വിളാകത്ത് മ്സമറോനോ, കോറൂയോ പട്ടങ്ങൾ സ്വീകരിക്കുകയും ബ്രദർ. അഖിൽ ശാലോം ഭവൻ, ബ്രദർ ജോബി പുത്തൻവീട് എന്നിവർ ഹെവുപ്പദുയാക്കിനോ പട്ടം സ്വീകരിക്കുകയും ചെയ്തു.

## മ്ശംശോനോ പട്ടം

പാറശ്ശാല ഭദ്രാസനത്തിനു വേണ്ടി 2024 മെയ് മാസം നാലാം തീയതി പാറശ്ശാല കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവിന്റെ തൃക്കയ്യാൽ ബ്രദർ സിബി തുണ്ടി യിൽ, ബ്രദർ ഫിലിപ്പ് ക്രൈസ്റ്റ് നിവാസ്, ബ്രദർ അൽഫോൻസൂസ് ഉഴുന്നുവിള, ബ്രദർ അനിറ്റ് ഫ്രാൻസിസ് മുല്ലശ്ശേരി, ബ്രദർ ബോസ്കോ കാരവിള എന്നിവർ മ്ശംശോനോ പട്ടം സ്വീകരിച്ചു.

## അഭിനന്ദനങ്ങൾ



അണ്ണാമലൈ യൂണിവേഴ്സിറ്റിയിൽ നിന്ന് സോഷ്യോളജിയിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയ പാറശ്ശാല ഭദ്രാസനാംഗം പ്രിയ ബഹു. അഗസ്റ്റിൻ കോണത്തുവിള അച്ചന് പാറശ്ശാല ഭദ്രാസനത്തിന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

# മിഷൻ വാർത്തകൾ

## നോമ്പുകാല ധ്യാനം

പാറശ്ശാല ഭദ്രാസനത്തിലെ ഇടവകകളിൽ ശുശ്രൂഷ ചെയ്യുന്ന ഉപദേശിമാർക്കുവേണ്ടിയുള്ള നോമ്പുകാല ധ്യാനം 2024 മാർച്ച് 12 ചൊവ്വാഴ്ച വൈകിട്ട് ചെമ്പരത്തിവിള മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടന്നു. വി. കുരിശിന്റെ വഴി, സന്ധ്യാപ്രാർത്ഥന, വചന സന്ദേശം, ദിവ്യകാരുണ്യ ആരാധന, വി. കുമ്പസാരം എന്നിവ ധ്യാനത്തിന്റെ ഭാഗമായി ക്രമീകരിച്ചിരുന്നു. ഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് ഉപദേശിമാരെ അഭിസംബോധന ചെയ്തു. സ്നേഹദീപം മൈനർ സെമിനാരി റെക്ടർ, പെരിയ ബഹു. ഫാ. അലോഷ്യസ് തുണ്ടുതട്ട് നോമ്പുകാല ചിന്തകൾ പങ്കുവച്ചു. ബഹു. ഫാ. ബിജോയി ഊരാളിവിള, ഫാ. വിമൽ വിൻസെന്റ് എന്നിവർ ദിവ്യകാരുണ്യ ആരാധനയ്ക്കും വി. കുമ്പസാരത്തിനും നേതൃത്വം നൽകി. ക്രമീകരണങ്ങൾക്ക് രൂപതാ മിഷൻ കോർഡിനേറ്റർ ബഹു. ഫാ. പ്രഭീഷ് ജോർജ്ജ് നേതൃത്വം നൽകി.

## ആദരാഞ്ജലികൾ



മേരി മക്കൾ സമൂഹത്തിലെ വെണ്ണിയൂർ, നിർമ്മല പ്രൊവിൻസിലെ സി. ഐവാനിയ ഡി.എം. നിര്യാതയായി. പാറശ്ശാല ഭദ്രാസനത്തിന്റെ ആദരാഞ്ജലികൾ !!!

## New Appointments of District Vicars

| | | |
|---|---|---|
| 1. Very Rev. Fr. Geevarghese George OIC | : | Neyyattinkara |
| 2. Very Rev. Fr. Santhosh Ennavila | : | Chemboor |

### Special Appointments

| | | |
|---|---|---|
| 1. Rev. Fr. Jerome Kunnumpurath | : | Director, M.C.Y.M. |
| 2. Rev. Fr. Santhosh Ennavila | : | Bursar, St. Joseph's Public School, Chemboor |
| 3. Fr. Vadakkethil Anto | : | Bursar, Mar Gregorios English Medium School, Pravachambalam |

| | | |
|---|---|---|
| 4. Fr. Ooralivila Bijoy | : | Bursar, Nazareth Home School Balaramapuram |
| 5. Fr. Arathalackal Alexander | : | Director, SPARC Pastoral Centre, Vizhinjam |
| 6. Fr.Thiruhridayam Samuel | : | Bursar, Mar Baselios English Medium School, Amboori |

## New Appointments of Priests to Parishes

| | |
|---|---|
| 1. Fr. Ennavila Santhosh | Chemboor, Manchamcode |
| 2. Fr. Joshua Thenuvila | Chanaikonam |
| 3. Fr. Karimankulam George Thomas | Anakuzhy, Ottasekharamangalam Vattapparambu |
| 4. Fr. Kalluvilakathu Joseph | Amboori, Kuttamala, Pantha, Mannamkonam, Vazhichal Kudappanamoodu |
| 5. Fr. Vettiyodithadathil Mathew | Poozhanadu |
| 6. Fr. Konathuvila Augustin | Panachamoodu, Muttachal Cheriyakolla - Kudayal |
| 7. Fr. Konathuvila Xavier | Mylakkara, Kadampra, Marakkunnam |
| 8. Fr. Mekkumkara Joseph | Kanakkuzhy, Punalal Mathalampara |
| 9. Fr. Kulangara Thomas | Pappanam |
| 10. Fr. Parayilkada Jose | Punnavoor, Kattuvila Thoongampara |
| 11. Fr. Vimal Vincent | Ponneduthakuzhy Cherukode, Pezhumoodu |

| | |
|---|---|
| 12. Fr. Puthenveedu Sajan | Chemparathivila<br>Vandannoor, Kariprakonam |
| 13. Fr. Thinavila Sebastian | Chaikkottukonam, Tharavila |
| 14. Fr. Vadakkethil Anto | Pravachambalam, Ookkode<br>Poozhikkunnu |
| 15. Fr. Plamparampiil Antony | Pappanamcode |
| 16. Fr. Ooralivila Bijoy | Balaramapuram, Thenkarakkonam |
| 17. Fr. Arathalackal Alexander | Chowara, Mulloor, Vizhinjam |
| 18. Fr. Kunnumpurath Jerome | Eruthavoor, Velloorkonam |
| 19. Fr. Mekkarikathu Prabheesh George | Charottukonam |
| 20. Fr. Chalarackal Bosco | Vanniacode, Aluvila |
| 21. Fr. Konathuvila Selin Jose | Pazhaya Uchakkada |
| 22. Fr. Vilangara Sam Varghese | Kandala, Malayinkeezhu |
| 23. Fr.Thiruhridayam Samuel | Asst. to Rev. Fr. Kalluvilakathu |
| 24. Fr. Poovanvila John Paul | Asst. to Rev. Fr. Pottapurayidam<br>Thomas |
| 25. Fr. Kottavila Joshua | Asst. To Rev. Fr. Vattapparambil<br>Thomas |



# എം.സി.വൈ.എം.

## ഗ്ലോബൽ മീറ്റ്

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന പ്രസ്ഥാനമായ എം.സി.വൈ.എം. ഗ്ലോബൽ മീറ്റ് 2024 ജനുവരി 28, 29 തീയതികളിൽ ബത്തേരി രൂപതയുടെ ആതിഥേയത്വത്തിൽ ബത്തേരി ശ്രേയസ്സിൽ വച്ച് നടന്നു. ബത്തേരി ഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ ജോസഫ് മാർ തോമസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ സമാപന സന്ദേശം നൽകിയത് യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ മാത്യൂസ് മാർ പോളിക്കാർപ്പസ് മെത്രാപ്പോലീത്തായായിരുന്നു. തദവസരത്തിൽ 2024, 2025 വർഷത്തേയ്ക്കുള്ള സഭാതല സമിതിയെ തെരഞ്ഞെടുത്തു. ഗ്ലോബൽ മീറ്റിൽ പാറശ്ശാല ഭദ്രാസന സമിതി അംഗങ്ങൾ ഡയറക്ടർ ബഹു. ഫാ. പ്രഭീഷ് ജോർജ്ജ്, പ്രസിഡന്റ് ശ്രീ. ശരത് ലാൽ എന്നിവരുടെ നേതൃത്വത്തിൽ പങ്കെടുക്കുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

## സംയുക്ത സിൻഡിക്കേറ്റ് മീറ്റിംഗ്



പാറശ്ശാല ഭദ്രാസനത്തിലെ എം.സി.വൈ.എം.ന്റെ 2024 വർഷത്തെ



കർമപദ്ധതികൾ ചർച്ച ചെയ്യാനായി സിൻഡിക്കേറ്റ് അംഗങ്ങളുടേയും ജില്ലാതല ഡയറക്ടർ, പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെയും സംയുക്ത മീറ്റിംഗ് 2024 ഫെബ്രുവരി 2 ന് ചെമ്പരത്തിവിള ദൈവാലയത്തിൽ വച്ച് നടന്നു. ഭദ്രാസന പ്രസിഡന്റ് ശ്രീ. ശരത് ലാലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ ഒരു വർഷത്തെ കർമ്മപദ്ധതികൾ ചർച്ച ചെയ്ത് തീരുമാനിച്ചു.

## യൂണിറ്റ് അഫിലിയേഷനും മെമ്പർഷിപ്പ് പുതുക്കലും

പാറശ്ശാല ഭദ്രാസനത്തിലെ എം.സി.വൈ.എം.ന്റെ ഭാഗമായുള്ള യൂണിറ്റുകളുടെ അഫിലിയേഷൻ 2024 ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി നടത്തി. അതിന്റെ ഭാഗമായി അംഗങ്ങളുടെ മെമ്പർഷിപ്പ് പുതുക്കലും പൂർത്തിയായി. പുതുതായി ഐഡന്റിറ്റി കാർഡ് ആവശ്യമുള്ള യുവജനങ്ങൾ അതിനായുള്ള അപേക്ഷയും സമർപ്പിച്ചു.

## കെ.സി.വൈ.എം. വാർഷിക സെനറ്റ്

കേരളാ കത്തോലിക്കാ യുവജന പ്രസ്ഥാനമായ കെ.സി.വൈ.എം.ന്റെ വാർഷിക സെനറ്റ് സമ്മേളനം 2024 ഫെബ്രുവരി 16, 17, 18 തീയതികളിൽ കോട്ടപ്പുറം രൂപതയുടെ ആതിഥേയത്വത്തിൽ നടന്നു. പ്രസ്തുത സമ്മേളനത്തിൽ പാറശ്ശാല ഭദ്രാസന സെനറ്റ്, സിൻഡിക്കേറ്റ് അംഗങ്ങൾ പങ്കെടുക്കുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. തദവസരത്തിൽ കെ.സി.വൈ.എം. സംസ്ഥാനതല ഭാരവാഹികളെ തെരഞ്ഞെടുത്തു. പാറശ്ശാല ഭദ്രാസന അംഗവും കത്തീഡ്രൽ ഇടവകാംഗവുമായ അഗസ്റ്റിൻ ജോണിനെ കെ.സി.വൈ.എം. സംസ്ഥാന സെക്രട്ടറിയായി തെരഞ്ഞെടുത്തു.

ശ്രീ. അഗസ്റ്റിൻ ജോണിന് പാറശ്ശാല ഭദ്രാസന യുവജന കുടുംബത്തിന്റെ ആശംസകൾ.

## അസ്സീസിയൻ ESPERANZA




പാറശ്ശാല ഭദ്രാസനത്തിലെ യുവജനപ്രസ്ഥാനമായ എം.സി.വൈ.എം.ന്റെ 2024 വർഷത്തെ കർമപദ്ധതി, അസ്സീസിയൻ ESPERANZA 2024 മാർച്ച് 3 ഞായറാഴ്ച പൊന്നെടുത്തക്കുഴി സെന്റ് ജോർജ്ജ് ദൈവാലയത്തിൽ വച്ച് ഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവ് ഉദ്ഘാടനം ചെയ്തു. ഭദ്രാസന ആനിമേറ്റർ സി. സീനാ ജോൺ ഡി.എം. പതാക ഉയർത്തി പരിപാടികൾക്ക് തുടക്കം കുറിച്ചു. തുടർന്ന് ജീസസ്സ് യൂത്ത് മാർ ഈവാനിയോസ് ടീം കളികളിലൂടെയും സംഗീത വിരുന്നുകളിലൂടെയും യുവജനങ്ങളെ സജീവമാക്കി. അതിനെ തുടർന്ന് ഈ വർഷത്തെ യുവജന തീം, യുവജനങ്ങൾ പ്രത്യാശയുടെ തീർത്ഥാടകർ സഭാതല ഡയറക്ടർ ഫാ. പ്രഭീഷ് ജോർജ്ജ് അവതരിപ്പിച്ചു. ഭദ്രാസന പ്രസിഡന്റ് ശ്രീ. ശരത് ലാലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഉദ്ഘാടന സമ്മേളനത്തിൽ ഭദ്രാസന ജനറൽ സെക്രട്ടറി ജിജോ ഇമ്മാനുവേൽ സ്വാഗതവും, ഭദ്രാസന ഡയറക്ടർ ബഹു.

പ്രഭീഷ് ജോർജ്ജച്ചൻ ആമുഖ സന്ദേശവും നൽകി. അഭിവന്ദ്യ പിതാവിന്റെ ഉദ്ഘാടന സന്ദേശത്തെ തുടർന്ന് ഈ വർഷത്തെ കർമ്മപദ്ധതി, അസ്സീസിയൻ ESPERANZA അഭിവന്ദ്യ പിതാവ് പ്രകാശനം ചെയ്തു. തദവസരത്തിൽ കാട്ടാക്കട വൈദിക ജില്ലയുടേയും പൊന്നെടുത്ത കുഴി യൂണിറ്റിന്റേയും കർമ്മപദ്ധതികൾ അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്തു. ഭദ്രാസന അസി. ഡയറക്ടർ ബഹു. ഫാ. വിമൽ വിൻസെന്റ്, ജില്ലാ വികാരി ബഹു ഫാ. തോമസ് പൊറ്റപ്പുരയിടം, ജില്ലാ ഡയറക്ടർ ബഹു. ഫാ. സേവ്യർ കോണത്തുവിള, ജില്ലാ പ്രസിഡന്റ് ശ്രീ. അജിത്ത് എസ്., യൂണിറ്റ് പ്രസിഡന്റ് ശ്രീ. അനീഷ് എന്നിവർ ആശംസകൾ അറിയിച്ച് സംസാരിച്ചു. 2022, 2023 വർഷത്തെ ഭദ്രാസനതല ഭാരവാഹികൾക്ക് മെമന്റോ നൽകി അഭിവന്ദ്യ പിതാവ് ആദരിച്ചു. അതോടൊപ്പം ഭദ്രാസനത്തിൽ നിന്ന് ഈ വർഷം പി.എസ്.സി. പരീക്ഷ വഴി സർക്കാർ ജോലി കരസ്ഥമാക്കിയ യുവജനങ്ങളെ പ്രത്യേകം ആദരിച്ചു. ഭദ്രാസന ട്രഷറർ അപർണ ഏവർക്കും നന്ദി അറിയിച്ചു. സ്നേഹഭോജനത്തോടെ പരിപാടികൾ അവസാനിച്ചു. ഭദ്രാസനത്തിലെ 500ഓളം യുവജനങ്ങൾ പങ്കെടുത്ത പരിപാടിയുടെ ക്രമീകരണങ്ങൾക്ക് കാട്ടാക്കട വൈദികജില്ലയും പൊന്നെടുത്തകുഴി ഇടവകയും നേതൃത്വം നൽകി.

## അസ്സീസയൻസ് @ കാൽവരി

പാറശ്ശാല ഭദ്രാസനത്തിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ കുരിശുമല തീർത്ഥാടനം, അസ്സീസിയൻസ് @ കാൽവരി, 2024 മാർച്ച് 24 ഞായറാഴ്ച 3 മണിക്ക് നീരാഴിക്കോണം കുരിശുമല കയറി നടത്തി. പ്രാരംഭമായി യുജവനങ്ങളുടെ നേതൃത്വത്തിൽ കരുണക്കൊന്ത ചൊല്ലി ഭാരത സഭയ്ക്കുവേണ്ടി പ്രാർത്ഥിച്ചു. ഭദ്രാസന ഡയറക്ടർ ഫാ. പ്രഭീഷ് ജോർജ്ജ് ഏവരേയും സ്വാഗതം ചെയ്തു. കാട്ടാക്കട ജില്ലാ ഡയറക്ടർ ബഹു. ഫാ. സേവ്യർ കോണത്തുവിള തീർത്ഥാടനത്തിന് ഒരുക്കമായി വചന സന്ദേശം നൽകി. തുടർന്ന് നമ്മുടെ കർത്താവിന്റെ പീഢാസഹനങ്ങളെ അനുസ്മരിച്ച് യുവജനങ്ങൾ ഭക്തിപൂർവം കുരിശുമല കയറി. ഭദ്രാസന ഭാരവാഹികളും ജില്ലാ ഭാരവാഹികളും പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി. യൂണിറ്റ് ഡയറക്ടർ ബഹു. ഫാ. മാത്യു വെട്ടിയോടിതടത്തിൽ സമാപന സന്ദേശം നൽകി. ഭദ്രാസന പ്രസിഡന്റ് ശ്രീ. ശരത് ലാൽ ഏവർക്കും കൃതജ്ഞതയർപ്പിച്ചു. നേർച്ചക്കഞ്ഞിയോടെ തീർത്ഥാടനം സമാപിച്ചു.









## TANIO-2024

എം.സി.വൈ.എം. സഭാതല സമിതിയുടെ നേതൃത്വത്തിൽ നടന്ന യുവജന റിസോഴ്സ് ടീം പരിശീലന പരിപാടി TANIO-2024 മാർത്താണ്ഡം ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ 2024 ഏപ്രിൽ 13 ശനിയാഴ്ച മാർത്താണ്ഡം നിഡ്സിൽ വച്ച് നടന്നു. യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ മാത്യൂസ് മാർ പോളിക്കാർപ്പസ് പിതാവ്




ഉദ്ഘാടനം ചെയ്ത പരിശീലന പരിപാടിയിൽ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് മെത്രാപ്പോലീത്താ, ബഹു. ഫാ. പ്രദീപ് വാഴത്തറമല യിൽ, ബഹു. ഫാ. ഡോ. പ്രഭീഷ് ജോർജ്ജ്, എന്നിവർ ക്ലാസുകൾ കൈ കാര്യം ചെയ്തു. വിവിധ ഭദ്രാസനങ്ങളിൽ നിന്നായി 70ഓളം യുവ ജ നങ്ങൾ പങ്കെടുത്ത പരിശീലന പരിപാടിയിൽ പാറശ്ശാല ഭദ്രാസനത്തിൽ നിന്ന് 6 യുവജനങ്ങൾ പങ്കെടുത്തു.

## എം.സി.വൈ.എം. ഐഡി കാർഡ്

എം.സി.വൈ.എം. പാറശ്ശാല ഭദ്രാസനത്തിന്റെ ഐഡി കാർഡ് ഇനിയും ആവശ്യമുള്ള യുവജനങ്ങൾ 2024 മെയ് 31 ന് മുൻപ് ഭദ്രാസന കാര്യാലയത്തിൽ (ബാലരാമപുരം, നസ്രത്ത് ഹോം) അപേക്ഷ ഏൽപ്പി ക്കേണ്ടതാണ്.

ഈ വർഷത്തെ പരിപാടികൾക്ക് ഐഡി കാർഡ് മാനദണ്ഡം ആയിരിക്കും. ഐഡി കാർഡുകളുടെ അപേക്ഷയോടൊപ്പം 150 രൂപ ഫീസ് നൽകേണ്ടതാണ്.

## സ്വാഗതം

എം.സി.വൈ.എം. പാറശ്ശാല ഭദ്രാസനത്തിന്റെ പുതിയ ഡയറക്ടർ ജെറോം കുന്നിൻപുറത്ത് അച്ചന് പാറശ്ശാല ഭദ്രാസന യുവജന കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.



# കെ.സി.എസ്.എൽ.

## വാർഷിക ആഘോഷവും ബോധവത്കരണ സെമിനാറും



കെ.സി.ബി.സിയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കേരള കാത്തലിക് സ്റ്റുഡൻസ് ലീഗ്, പാറശ്ശാല ഭദ്രാസനത്തിലെ എല്ലാ സ്കൂളുകളിലും സജീവമായി പ്രവർത്തിക്കുന്ന ഒരു സംഘടനയാണ്. വിശ്വാസം പഠനം സേവനം എന്ന മുദ്രാവാക്യമുയർത്തി മുന്നേറുന്ന ഈ സംഘടനയുടെ പ്രധാന ദൗത്യം, നമ്മുടെ കുഞ്ഞുങ്ങളെ ക്രൈസ്തവ മൂല്യങ്ങളിൽ അടിയുറച്ചു നിൽക്കുന്ന, ഉത്തമ പൗരന്മാരായി വളരുവാൻ സഹായിക്കുക എന്നുള്ളതാണ്. ഒപ്പം കുഞ്ഞുങ്ങളിൽ അന്തർലീനമായിരിക്കുന്ന സർഗ്ഗവാസനകൾ കണ്ടെത്തി, സഭയ്ക്കും സമൂഹത്തിനും പ്രയോജനപ്പെടുന്ന കർമ്മങ്ങളാക്കി മാറ്റുക എന്നുള്ളതും. അതിന്റെ ഭാഗമായി വിവിധങ്ങളായ പരിപാടികൾ, യൂണിറ്റ് തലങ്ങളിലും ഭദ്രാസന തലത്തിലും സജീവമായി നടന്നുവരുന്നു.

2023-24 വർഷത്തെ വാർഷിക ആഘോഷവും ബോധവത്കരണ സെമിനാറും [ Believe in yourself ] മാർച്ച് 8 ന് ബാലരാമപുരം നസ്രത്ത് ഹോം സ്കൂളിൽ വച്ച് നടത്തുകയുണ്ടായി. പാറശ്ശാല ഭദ്രാസനത്തിലെ

കെ.സി.എസ്.എൽ. കുഞ്ഞുങ്ങളുടെയും അധ്യപകരുടെയും നിറ സാന്നിധ്യത്തിൽ, പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ ഡോ. തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത ഉത്ഘാടനകർമ്മം നിർവ ഹിച്ചു, തുടർന്ന് കെ.സി.എസ്.എൽ.ന്റെ പ്രാധാന്യം മനസ്സിലാക്കി അധ്യാ പകരും കുട്ടികളും തികഞ്ഞ ആത്മവിശ്വാസത്തോടെ ഒരുമിച്ച് ശക്ത മായി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അഭിവന്ദ്യ പിതാവ് വിലയേറിയ നിർദേശം നൽകി . കെ.സി.എസ്.എൽ. രൂപതാ ഡയറക്ടർ റവ. ഫാ. ജെറോം കുന്നിൻപുറത്ത്, പ്രസിഡന്റ് ശ്രീ. ജോയ് ഫ്രാൻസിസ്, ചെയർപേഴ്സൺ സിയാന ശ്യാം എന്നിവരും സംസാരിച്ചു.

ഭദ്രാസനതലത്തിൽ സംഘടിപ്പിച്ച രചനാ മത്സരങ്ങളിലും കലാ മത്സരങ്ങളിലും പങ്കെടുത്ത് വിജയിച്ചവർക്കുള്ള സമ്മാനം അന്നേ ദിവസം വിതരണം ചെയ്തു. സംസ്ഥാനതല മത്സരങ്ങളിൽ മിന്നുന്ന പ്രകടനം കാഴ്ചവച്ച നമ്മുടെ ഭദ്രാസനത്തിലെ കുട്ടികളെ അനുമോദിച്ചു.

മീറ്റിങ്ങിലെ മറ്റൊരു പ്രധാന ആകർഷണമായിരുന്നു "Believe in yourself 2K24" എന്ന നാമധേയത്തിൽ നടത്തപ്പെട്ട മോട്ടിവേഷൻ ക്ലാസ്. ഇതിനു നേതൃത്വം നൽകിയത് പ്രശസ്ത മോട്ടിവേഷൻ സ്പീക്കറും അനുഗ്രഹീത ചിത്രകാരനുമായ ഫാ. ജോസഫ് നെല്ലിക്കാശേരിൽ OCD ആയിരുന്നു.

തുടർന്ന് കെ.സി.എസ്.എൽ. കുട്ടികളുടെ സംഘനൃത്തവും ഗാനലാപവുമൊക്കെയായി 2024 ലെ വാർഷിക ആഘോഷം ദൈവകൃപയാൽ മനോഹരമായി പര്യവസാനിച്ചു. ഇതിനു നേതൃത്വം നൽകിയ ബഹുമാനപ്പെട്ട ജെറോം അച്ചൻ, ജോയ് സാർ, സാന്ത്വന സിസ്റ്റർ, ടെസ്സിൻ സിസ്റ്റർ, സംപ്രീത സിസ്റ്റർ, സോജു സാർ നെല്ലിക്കാട്, പ്രാവച്ചമ്പലം സ്കൂളിലെ ചിത്ര ടീച്ചർ, കവിത ടീച്ചർ, മറ്റു രൂപതാ ഭാരവാഹികൾ, യൂണിറ്റ് ഭാരവാഹികൾ, ചെയർ പേഴ്സൺ സിയാന ശ്യാം, ആനിമേറ്റേഴ്സ് , കെ.സി.എസ്.എൽ. അംഗങ്ങൾ ഏവരുടെയും സ്നേഹത്തിനും സഹകരണത്തിനും നന്ദി. അടുത്ത അധ്യയന വർഷത്തിൽ, പുതിയൊരു നേതൃനിരയോടൊപ്പം, കൂടുതൽ ഉണർവോടെ, ഉന്മേഷത്തോടെ നമുക്ക് പ്രവർത്തിക്കാം.....



# MCMF

## വനിതാ ദിനാചരണവും കർമ്മപദ്ധതി ഉത്ഘാടനവും

മലങ്കര കാത്തലിക് മദേഴ്സ് ഫോറം (MCMF) സഭാതല കർമ്മ പദ്ധതി ഉത്ഘാടനവും വനിതാ ദിനാചരണവും മാർച്ച് 8 ന് സഭയുടെ ആസ്ഥാന കാര്യാലയമായ പട്ടം കാതോലിക്കേറ്റ് സെന്ററിൽ വച്ച് നടത്തപ്പെട്ടു. MCMF സഭാതല ചെയർമാൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയോഡോഷ്യസ് മെത്രാപ്പോലീത്ത, കർമ്മപദ്ധതി ഉത്ഘാടനം ചെയ്തു. സഭാതല ഡയറക്ടർ ബഹു. മാത്യൂ അറയ്ക്കൽ അച്ചനും പ്രസിഡന്റ് ശ്രീമതി ജിജി മത്തായിയും വനിതാ ദിന സന്ദേശം നൽകി. ശ്രീമതി മെർലിൻ മാത്യൂ മോട്ടിവേഷൻ ക്ലാസ് നടത്തി. സമ്മേളനത്തിൽ വച്ച് പാറശ്ശാല ഭദ്രാസന മുൻ പ്രസിഡന്റ് ശ്രീമതി സിനി ബിനു സഭാതല സെക്രട്ടറിയായി സത്യപ്രതിജ്ഞ ചെയ്തു ചുമതലയേറ്റു. പാറശ്ശാല ഭദ്രാസന സമിതി അംഗങ്ങൾ പങ്കെടുത്തു.

## KCBC മേഖല സമ്മേളനവും വനിതാ ദിനാചരണവും




കെ.സി.ബി.സി. തിരുവനന്തപുരം മേഖല സമ്മേളനവും വനിതാ ദിനാചരണവും കൊല്ലം രൂപതയുടെ പാസ്റ്ററൽ സെന്റർ QSSS ഹാളിൽ

വച്ച് നടന്നു. നെയ്യാറ്റിൻകര രൂപതാദ്ധ്യക്ഷൻ അഭി. വിൻസെന്റ് സാമുവൽ മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. കെ.സി.ബി.സി. വിമൻസ് കമ്മിഷൻ എക്സിക്യൂട്ടിവ് സെക്രട്ടറി ശ്രീമതി ജെയ്ൻ ആൻസിൽ ഫ്രാൻസിസ് അദ്ധ്യക്ഷത വഹിച്ചു. 'സുസ്ഥിര മാനവികത ഇന്ത്യയിൽ' എന്ന വിഷയത്തിൽ സീറോ മലബാർ സഭ, മാതൃവേദി മുൻ അന്തർദ്ദേശീയ പ്രസിഡന്റ് ഡോ. കെ. വി. റീത്താമ സെമിനാർ നയിക്കുകയും എറണാകുളം മേഖലാ സെക്രട്ടറി ശ്രീമതി ലീന ജോർജ് അന്തർദ്ദേശീയ വനിതാ ദിന സന്ദേശം നൽകുകയും ചെയ്തു. കൊല്ലം രൂപതാ വികാരി ജനറൽ മോൺ. ബൈജു ജൂലിയൻ മുഖ്യപ്രഭാഷണം നടത്തി. ആധ്യാത്മിക ഉപദേഷ്ടാവ് ഫാ. ബിജു കല്ലിങ്കൽ, പാറശ്ശാല ഭദ്രാസന ഡയറക്ടർ ഫാ. ജോസ് പാറയിൽക്കട, കൊല്ലം രൂപത ഡയറക്ടർ ഫാ. ജോളി അബ്രഹാം എന്നിവർ സന്ദേശം നൽകി. കൊല്ലം, പുനലൂർ, തിരുവന ന്തപുരം (ലത്തീൻ), തിരുവനന്തപുരം (മലങ്കര), മാവേലിക്കര, പത്തനംതിട്ട, പാറശ്ശാല ഭദ്രാസനങ്ങളിൽ നിന്നും സമിതി അംഗങ്ങൾ പങ്കെടുത്തു.

## MCMF ഭദ്രാസന തെരഞ്ഞെടുപ്പും സത്യപ്രതിജ്ഞയും



MCMF 2024-25 വർഷത്തെ ഭദ്രാസന സമിതി അംഗങ്ങൾക്ക് വേണ്ടിയുള്ള തെരഞ്ഞെടുപ്പ് 2024 ഫെബ്രുവരി 10 ന് ബാലരാമപുരം ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു.

**തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ**

പ്രസിഡന്റ് - ശ്രീമതി പ്രവിതാ ബെൻസികർ
വൈസ് പ്രസിഡന്റ് - ശ്രീമതി രേവതി ഒറ്റശേഖരമംഗലം

സെക്രട്ടറി - ശ്രീമതി ലേഖ വെണ്ണിയൂർ
ജോയിന്റ് സെക്രട്ടറി - ശ്രീമതി റാണി പൊന്നെടുതാങ്കുഴി
ട്രഷറർ - ശ്രീമതി ഷീജ വി. എസ്.
സിൻഡിക്കേറ്റ് - ശ്രീമതി സിനി ബിനു
ശ്രീമതി ബിന്ദു ജെ.
ശ്രീമതി ഗിരിജ.

തെരഞ്ഞെടുക്കപ്പെട്ട പുതിയ ഭാരവാഹികൾ മാർച്ച് 17 ന് ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായുടെ മുമ്പാകെ ബിഷപ്പ്സ് ഹൗസിൽ വച്ച് സത്യപ്രതിജ്ഞ ചെയ്തു ചുമതലയേറ്റു. തുടർന്ന്, അമ്മമാരുടെ ചുമതലകളെ ബോധ്യപ്പെടുത്തി അഭിവന്ദ്യ പിതാവ് സംസാരിക്കുകയും ഈ വർഷത്തെ കർമ പദ്ധതികളെ കുറിച്ച് ആലോചന നടത്തുകയും ചെയ്തു.

---



# സെമിനാരി വാർത്തകൾ

## മേജർ സെമിനാരി ക്യാമ്പ്

പാറശ്ശാല ഭദ്രാസനത്തിനു വേണ്ടി മേജർ സെമിനാരിയിൽ പഠിക്കുന്ന വൈദിക വിദ്യാർഥികളുടെ സംഗമം പാറശ്ശാല ഭദ്രാസന പാസ്റ്ററൽ സെന്റർ (SPARC) ൽ വച്ച് 2024 ഏപ്രിൽ മാസം 27 മുതൽ 30 വരെയുള്ള തീയതികളിലായി നടന്നു.

## ദൈവവിളി ക്യാമ്പ്

പാറശാല ഭദ്രാസനത്തിലെ സ്നേഹദീപം മൈനർ സെമിനാരിയിൽ വച്ച് 10, 12 ക്ലാസുകൾ കഴിഞ്ഞ കുട്ടികൾക്ക് വേണ്ടി ദൈവവിളി ക്യാമ്പ് നടത്തി. 21 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു.



# Kshema Integrated Development Society (KIDS)

## ലഹരിവിരുദ്ധ ബോധവൽക്കരണ സെമിനാർ



ഹരിത കർമ്മ സേനാംഗങ്ങൾക്കായി ലഹരി വിരുദ്ധ സെമിനാർ 2024 ഏപ്രിൽ 2-ാം തീയതി ചൊവ്വാഴ്ച രാവിലെ 10:30 മുതൽ 1 മണി വരെ, തിരുപുറം IHRD ഹാളിൽ വച്ച് സംഘടിപ്പിച്ചു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഷീനാദാസ് ഉദ്ഘാടനം ചെയ്ത പരിപാടിയിൽ, കുടുംബശ്രീ ട്രെയിനർ, ശ്രീ. സന്തോഷ് വിതുര ക്ലാസ് നയിച്ചു. ക്ഷേമ കോർഡിനേറ്റർ ശ്രീ. ജയിംസ് പരിപാടികൾക്ക് നേതൃത്വം നൽകി.

## ഡയറക്ടേഴ്സ് മീറ്റിംഗ്

സി.ബി.സി.ഐയുടെയും, കെ.സി.ബി.സിയുടെയും, ജസ്റ്റിസ് പീസ് ആൻഡ് ഡെവലപ്മെന്റ് കമ്മീഷന്റെ ആഭിമുഖ്യത്തിൽ, എറണാകുളം പി.ഒ.സിയിൽ വച്ചു, ഏപ്രിൽ 3,4, തീയതികളിൽ ഡയറക്ടേഴ്സ് മീറ്റിംഗ് സംഘടിപ്പിച്ചു. 'കാർബൺ ന്യൂട്രൽ ഇടവകകളും സ്ഥാപനങ്ങളും 'എന്ന വിഷയത്തെ അടിസ്ഥാനമാക്കിയാണ് രണ്ട് ദിവസത്തെ ശില്പശാല നടത്തിയത്. സി.ബി.സി.ഐ. പ്രസിഡന്റ്




ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനം നിർവഹിച്ചു. ക്ഷേമയിൽ നിന്നും ഫാ. ജോർജ് വെട്ടിക്കാട്ടിൽ, ഫാ. ജോൺ പുന്നാര എന്നിവർ പങ്കെടുത്തു. കേരള സോഷ്യൽ സർവീസ് ഫോറം പരിപാടികൾക്ക് നേതൃത്വം നൽകി. സമ്മേളനത്തിൽ, അഭിവന്ദ്യ മാർ ജോസ് പുളിക്കൽ, മാർ തോമസ് തറയിൽ, ബിഷപ്പ് ആൽവിൻ ഡി സിൽവ, ഫാ. ജേക്കബ് പാലയ്ക്കാപ്പിള്ളി, ഫാ. ജേക്കബ് മാവുങ്കൽ, ഫാ. ജോർജ് വെട്ടിക്കാട്ടിൽ എന്നിവർ സംസാരിച്ചു.

## സ്വയം തൊഴിൽ പദ്ധതി




കാഞ്ഞിരപ്പള്ളി രൂപതയുടെ സാമൂഹ്യവികസന മലനാട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ സാമ്പത്തിക സഹായത്തോടു കൂടെ നമ്മുടെ അയൽക്കൂട്ട അംഗങ്ങളായ 50 കുടുംബങ്ങൾക്ക് അവരുടെ വരുമാന വർദ്ധനവ് ലക്ഷ്യം വെച്ചുകൊണ്ട് ആടുകളെ വിതരണം ചെയ്തു. MDS നോടുള്ള നന്ദിയും കടപ്പാടും പ്രകാശിപ്പിക്കുന്നു. ഈ പദ്ധതിയുടെ നടത്തിപ്പിനുവേണ്ടിയുള്ള സഹായസഹകരണങ്ങൾ ചെയ്തു തന്ന ബഹുമാനപ്പെട്ട തോമസ് വട്ടപറമ്പിൽ അച്ചനോടുള്ള നന്ദി അറിയിക്കുന്നു.

## ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ് - കെ.സി. എസ്.എൽ.




2024 മാർച്ച് 3 ന് പാറശ്ശാല ഭദ്രാസനത്തിലെ കെ.സി.എസ്.എൽ. സംഘടനയുടെ വാർഷിക സമ്മേളനത്തിൽ ലഹരി വിരുദ്ധ പ്രവർത്ത നങ്ങളെക്കുറിച്ചുള്ള ഒരു ബോധവൽക്കരണ ക്ലാസ് ക്ഷേമയുടെ ആഭിമു ഖ്യത്തിൽ നടത്തി. ക്ഷേമ ഡയറക്ടർ ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ ക്ലാസ് കൈകാര്യം ചെയ്തു.

## ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്




2024 മാർച്ച് 20 ന് ചെങ്കൽ ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേന അംഗങ്ങൾക്കായി ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ് ക്ഷേമ കോഡിനേറ്റർ ശ്രീ. ജെയിംസിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഗിരിജ അധ്യക്ഷത വഹിച്ച യോഗ ത്തിൽ കമ്മ്യൂണിറ്റി കൗൺസിലർ ശ്രീ. ഹേമൻ ക്ലാസുകൾ കൈകാര്യം ചെയ്തു.

## അന്താരാഷ്ട്ര വനിതാദിനാഘോഷം





2024 മാർച്ച് 3 ഞായറാഴ്ച ഉച്ചകഴിഞ്ഞ് ചാരോട്ടുകോണം ഇടവകയിൽ വച്ച് ക്ഷേമയുടെ കീഴിലുള്ള അയൽക്കൂട്ട അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് അന്താരാഷ്ട്ര വനിതാദിനം സമുചിതമായി ആഘോഷിച്ചു. ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ച യോഗം, കരിംകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഫ്രീഡാ സൈമൺ ഉദ്ഘാടനം ചെയ്തു. ക്ലാസുകൾക്ക് റവ. സി. ഡോ മെർലിൻ ഫിലിപ്പ് നേതൃത്വം നൽകി. അയൽക്കൂട്ട അംഗങ്ങളിൽ മാതൃകാപരമായ സംരംഭങ്ങൾ നടത്തുന്ന വനിതകളെ യോഗത്തിൽ വച്ച് ആദരിക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ശ്രീമതി പ്രവിത, ശ്രീ. ജെയിംസ്, ശ്രീ. ജോയ് ഫ്രാൻസിസ്, ഫാ. ജോർജ് വെട്ടിക്കാട്ടിൽ, ഫാ. ജോൺ പുന്നാര എന്നിവർ സംസാരിക്കുകയുണ്ടായി. അഞ്ഞൂറോളം അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു.

## SHG ലീഡേഴ്സ് മീറ്റ്

2024 ഫെബ്രുവരി 4-ാം തീയതി അമ്പിളികോണം ദൈവാലയ

ത്തിലും ഫെബ്രുവരി 18-ാം തീയതി കോട്ടവിള കത്തീഡ്രൽ ദൈവാലയത്തിലും വച്ച് SHG ലീഡേഴ്സ് മീറ്റിങ്ങും വിലയിരുത്തലും നടത്തി. ഭാവിപ്രവർത്തനങ്ങളെ കുറിച്ചുള്ള പദ്ധതികളും തയ്യാറാക്കി.

## ശില്പശാല




കാരിത്താസ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 27, 28, 29 തീയതികളിൽ ബാംഗ്ലൂരിൽ വച്ച് സംഘടിപ്പിച്ച സന്നദ്ധ സംഘടനകളെ കുറിച്ചുള്ള നിയമ ബോധവൽക്കരണത്തിലും പ്രാദേശിക വിഭവ സമാഹരണത്തെ കുറിച്ചുള്ള ശിൽപ്പശാലയിലും ക്ഷേമയിൽ നിന്നും പാറശ്ശാല റീജിയണൽ ഡയറക്ടർ ഫാ.  ജോൺ പുന്നാര പങ്കെടുത്തു.

## സജീവം കോഡിനേറ്റർസിന്റെ യോഗം




2024 മാർച്ച് 12-ാം തീയതി കോട്ടയം AMOS സെന്ററിൽ നടന്ന സജീവം കോഡിനേറ്റർസിന്റെ യോഗത്തിൽ ക്ഷേമയിൽ നിന്നും ശ്രീമതി പ്രവിത പങ്കെടുത്തു.

K.C.B.C. BIBLE COMMISSION ★ KERALA CATHOLIC BIBLE SOCIETY

LOGOS QUIZ

Organized by

KERALA CATHOLIC BIBLE SOCIETY OF
KCBC BIBLE COMMISSION



24-ാം

# ലോഗോസ് ക്വിസ്

2024

**പഠനഭാഗം**

- ന്യായാധിപന്മാർ 1 – 10
- പ്രഭാഷകൻ 34 – 40
- ലൂക്കാ 9 – 16
- 2 കോറിന്തോസ് 7 – 13

**ഉപയോഗിക്കേണ്ട ബൈബിൾ**

**പി. ഒ. സി. ബൈബിൾ**
**NRSV Catholic Edition**

**രജിസ്ട്രേഷൻ ഫീസ് : 20 രൂപ**

**പരീക്ഷാ തീയതി**

രൂപതാതലം
2024 സെപ്റ്റംബർ 29
ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെ

സംസ്ഥാനതലം
നവംബർ 10

മെഗാ ഫൈനൽ
നവംബർ 23 – 24

**ലോഗോസ് പ്രതിഭയ്ക്കു അമ്പതിനായിരം രൂപയ്ക്കുമുകളിൽ സമ്മാനതുക നൽകുന്നു.**

**ക്യാഷ് അവാർഡുകൾ സ്പോൺസർ ചെയ്യുന്നത്**

- പാലയ്ക്കൽ തോമാ മല്പാൻ മെമ്മോറിയൽ
- സൗത്ത് ഇന്ത്യൻ ബാങ്ക്, വെണ്ണല

- മലയാളത്തിലും ഇംഗ്ലീഷിലും തമിഴിലും കന്നഡയിലും മത്സരപ്പരീക്ഷകൾ
- അഖിലകേരളാതലത്തിലും രൂപതാതലത്തിലും ഇടവകതലത്തിലും നിരവധി സമ്മാനങ്ങൾ
- ആകർഷകമായ ക്യാഷ് അവാർഡുകൾ
- സ്വർണമെഡലുകൾ, ട്രോഫികൾ, ഷീൽഡുകൾ, സർട്ടിഫിക്കറ്റുകൾ
- മത്സരങ്ങളുടെ ടെലിസംപ്രേഷണം **Goodness TV**-യിൽ
- പരീക്ഷകൾ **ABCDEF** കാറ്റഗറികളിൽ
- **AB** പ്രായവിഭാഗക്കാർക്ക് പ്രത്യേക ചോദ്യപ്പേപ്പറുകൾ
- ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിക്കുന്ന രൂപതകൾക്കും ഇടവകകൾക്കും പ്രത്യേക സമ്മാനങ്ങൾ

| | |
|---|---|
| A വിഭാഗം | 1-1-2013-നും അതിനുശേഷവും ജനിച്ചവർ |
| B വിഭാഗം | 1-1-2008-നും 31-12-2012 നും ഇടയ്ക്ക് ജനിച്ചവർ |
| C വിഭാഗം | 1-1-1993-നും 31-12-2007-നും ഇടയ്ക്ക് ജനിച്ചവർ |
| D വിഭാഗം | 1-1-1973-നും 31-12-1992-നും ഇടയ്ക്ക് ജനിച്ചവർ |
| E വിഭാഗം | 1-1-1960-നും 31-12-1972-നും ഇടയ്ക്ക് ജനിച്ചവർ |
| F വിഭാഗം | 31-12-1959-നും അതിനുമുമ്പും ജനിച്ചവർ |



**രജിസ്ട്രേഷൻ ആരംഭിക്കുന്നത്**
**2024 ജൂൺ 01**

**രജിസ്ട്രേഷൻ അവസാനിക്കുന്നത്**
**2024 ജൂലൈ 31**

ബധിര ഭിന്നശേഷിയുള്ളവർക്ക് സംസ്ഥാനതല ലോഗോസ് ക്വിസ്

സംസ്ഥാനതല ഫാമിലി ക്വിസ്

**രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും നിങ്ങളുടെ ഇടവകയിലോ ഏറ്റവും അടുത്ത കത്തോലിക്കാ സ്ഥാപനത്തിലോ ബന്ധപ്പെടുക**

സംഘാടകർ : കേരള കാത്തലിക് ബൈബിൾ സൊസൈറ്റി പി. ഒ. സി. പാലാരിവട്ടം, കൊച്ചി - 682 025 www.keralabiblesociety.com




മേരീമക്കൾ സന്യാസിനീ സമൂഹത്തിലെ കനക – രജത ജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സ്




മേരീമക്കൾ സന്യാസിനീ സമൂഹം നിർമ്മല പ്രൊവിൻസ് പുതിയ പ്രൊവിൻഷ്യൽ ടീം



പാറശ്ശാല ഭദ്രാസനത്തിലെ MCMF 2024 – 2025 വർഷത്തെ
ഭാരവാഹികൾ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവിനോടൊപ്പം

Design & Layout : Syam, Nia Graphics, Chowara 9747 044 811




എം. സി. വൈ. എം., പാറശ്ശാല ഭദ്രാസനത്തിലെ 2024 വർഷത്തെ കർമപദ്ധതി, അസ്സീസിയൻ ESPERANZA
അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ പ്രകാശനം ചെയ്യുന്നു.
(2024 മാർച്ച് 3)

Printed and Published by Very Rev. Fr. Bijoy Ooralivila (*Chancellor*)
Diocese of Parassala, Catholic Bishop's House
Kudayal, Ayira P.O., Parassala, Kerala, India 695 502